I/728799/2024

ഭരണഭാഷ - മാതൃഭാഷ

നം: DGE/3300/2024-A5

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 23-04-2024
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം- 2024-25 അധ്യയന വർഷത്തെ അധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനുള്ള സമയക്രമം നീട്ടി നൽകുന്നത് സംബന്ധിച്ച് -**

സൂചന :- 1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06/04/2023 ലെ ഇതേ നമ്പർ സർക്കുലർ.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/04/2024 ലെ ഇതേ നമ്പർ കത്ത്.

******************

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു 2024-25 അധ്യയന വർഷത്തെ അധ്യാപകരുടെ പൊതുസ്ഥലംമാറ്റം സമയബന്ധിതമായി നടത്തുന്നത് സംബന്ധിച്ച് അധ്യാപകർക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള സമയം 21/04/2024 ന് അവസാനിച്ചിരുന്നു. എന്നാൽ നിരവധി അധ്യാപകർക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സമയക്രമത്തിൽ ചുവടെ ചേർക്കുന്ന മാറ്റങ്ങൾ വരുത്തുന്നു.

1. അപേക്ഷ സ്വീകരിക്കുന്ന തീയതി - **16/04/2024 മുതൽ 28/04/2024 വരെ**
2. സ്കൂൾതലത്തിലും വിദ്യാഭ്യാസ ഉപജില്ലാതലത്തിലും അപേക്ഷ പരിശോധിക്കുന്നതിന് അനുവദിക്കുന്ന സമയം - **29/04/2024 മുതൽ 03/05/2024 വരെ**
3. വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കലും, സീനിയോരിറ്റി തയ്യാറാക്കലും (അപേക്ഷകളിൽ പ്രധാനാദ്ധ്യാപകർ/ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ രേഖാമൂലം തിരുത്തലുകൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ടി കാലയളവിൽ തിരുത്തേണ്ടതാണ്) - **04/05/2024 മുതൽ 08/05/2024 വരെ**
4. ജില്ലയിൽ ഓരോ തസ്തികയിലേയ്ക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോരിറ്റി അടങ്ങിയ സംക്ഷിപ്തരൂപം) പ്രസിദ്ധീകരിക്കുന്നത്- **13/05/2024**
5. സിനിയോരിറ്റി ലിസ്റ്റിന്മേൽ അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം **14/05/2024 മുതൽ 16/05/2024 വരെ**
6. *അന്തിമ സീനിയോരിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ട തീയതി 18/5/2024*
7. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ **20/05/2024**
8. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം

I/728799/2024

**21/05/2024 മുതൽ 22/05/2024 വരെ**

**അന്തിമ സ്ഥലംമാറ്റം ഉത്തരവ് പ്രസിദ്ധീകരിക്കുന്നത് തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടത്തിന് വിധേയമായിട്ടായിരിക്കും.**

വിശ്വസ്തതയോടെ,

Signed by
RANJAN RAJ R P
Date: 23-04-2024 15:55:43

**രഞ്ജൻ രാജ് ആർ പി**
**പെൻ :101148**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

പകർപ്പ്

1. സി.ഇ.ഒ കൈറ്റ്, തിരുവനന്തപുരം
2. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും, പ്രധാനാധ്യാപകർക്കും
( ഡി.ഡി.ഇ മുഖേനെ)